# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 775

13.06.2012 - ൽ മറുപടിക്ക്

### വൈപ്പിൻ- ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ജിഡ ഫണ്ടിന്റെ വിനിയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജ ലക്ഷാമം പരിഹരിക്കുന്നതിന് ജിഡ ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാ കും; | (എ) ജിഡയുടെ ധനസഹായ ത്തോടു കൂടിനടപ്പിലാക്കുന്ന എളംകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഈ സാമ്പത്തി കവർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷി ക്കുന്നു. കടമക്കുടി പഞ്ചായത്തിനു വേണ്ടി യുള്ള കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകളുടേയും ജല ശുദ്ധീകരണ ശാലയുടേയും പണികൾ ഈ സാമ്പത്തിക വർഷവും ഉന്നത തല സംഭരണികളുടെ പണികൾ അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ജിഡയു ടെയും ഫിഷറീസിന്റേയും ധനസഹായത്തോടെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കു വേണ്ടി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിനിന്റെ ടെൻഡർ നടപടികൾ പൂർത്തീകരി ച്ചിട്ടുണ്ട്. ഇതിൽ പറവൂർ പമ്പ് ഹൗസ് മുതൽ പെരുമ്പടന്ന പാലം വരെ 400 എം.എം. ഡി.ഐ. പൈപ്പ് വിതരണം ചെയ്ത് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ ഒപ്പിട്ടു. ബാക്കി ഉള്ളവയുടെ ടെൻഡറുകൾ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വച്ച് പണികൾ ആരംഭിച്ച് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു. ഇതിനോടൊപ്പം ഉള്ള ജലസംഭരണികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു. |
| (ബി) | കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സമയ പരിധിക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടി യെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | കരാറിൽ വ്യവസ്ഥ ചെയ്തിരുന്ന സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്ക് പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. |
| (സി) | ഏതെല്ലാം സോണുകളിലെ പ്രവൃത്തികളാണ് ഇനിയും തുടങ്ങുവാനുള്ളത്; | (സി) | എളകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടേയും സോൺ -1-ലെ ജല സംഭരണിയുടേയും സോൺ-3-ലെ പമ്പിംഗ് മെയിനിന്റെയും പണികൾ തുടങ്ങുവാനും പമ്പ് സെറ്റുകൾ സ്ഥാപിക്കാനും ഉണ്ട്. പൈപ്പ് ലൈൻ പണി പൂർത്തീകരിക്കുന്നതനുസരിച്ച് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പണി ആരംഭിക്കുന്നതാണ്. ജിഡയുടെ ധനസഹായത്തോടെ കടമക്കുടി പഞ്ചായത്തിനു വേണ്ടി യുള്ള കുടിവെള്ള പദ്ധതിയുടെ മുപ്പത്തടത്തുള്ള ജല ശുദ്ധീകരണ ശാലയിൽ നിന്നും പുത്തൻ പള്ളി വരെയും അവിടെ നിന്ന് വാരാപ്പുഴ ഉന്നതതല ജല സംഭരണിയിലേക്കുള്ള പമ്പിംഗ് മെയിനിന്റെയും ഉന്നതതല സംഭരണികളു ടേയും, പമ്പ് സെറ്റുകളു ടേയും ട്രാൻസ്ഫോമറി ന്റെയും പ്രവൃത്തികൾ ആരംഭിക്കാനുണ്ട്. |

| | | |
|---|---|---|
| (ഡി) | പറവൂർ നിന്നും എടവനക്കാടുവരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ? | (ഡി) പറവൂർ നിന്നും എടവനക്കാടുവരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ആദ്യത്തെ റിച്ച് പറവൂർ പമ്പ് ഹൗസ് മുതൽ പെരുമ്പടന്ന പാലം വരെ 400 എം;എം.ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ ഒപ്പിട്ട് പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി അധികാരികളിൽ നിന്നും റോഡ് വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. ബാക്കിയുള്ള മൂന്ന് ഘടകങ്ങളിൽ രണ്ടെണ്ണം റീ-ടെണ്ടറിന് ഉത്തരവായി ബാക്കി ഒരെണ്ണം ജല അതോറിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ